# സാഹിതി

വാർത്താപത്രിക 7

കേരള
സാഹിത്യ അക്കാദമി

ദേശീയപുസ്തകോൽസവം 2019
എഴുത്തരങ്ങ് സാംസ്കാരികോൽസവം


## പഞ്ചമിയുടെ വിത

കൃഷ്ണൻ സൗപർണ്ണിക

പൊൻവളയില്ലെന്നാലും
കൈയിൽ കരിവളയുണ്ടല്ലോ
കനവുകൾ കാണാനുൾക്കണ്ണുണ്ട്
കതിരാടും കരൾവയലുണ്ട്.

അക്ഷരപ്പാടത്തമ്പിളികാൺകെ
പഞ്ചമിപ്പെണ്ണിൻ വിതയുണ്ടേ...
കളിയാടും കിളിക്കൂട്ടംപോലെ
കതിരുകൾ കൊയ്യാൻ പോകണ്ടേ

തീണ്ടാപ്പാടിലെ തമ്പ്രാൻകാലം
പാടവരമ്പിലെ പൂതങ്ങൾ
കളിയല്ല, കളവിത്തു കണക്കെ
പൊട്ടിമുളച്ച് വരവുണ്ടേ...

അരിവാളേന്തും കൈകൾക്കിന്നും
കരിമണ്ണിന്റെ കരുത്തുണ്ടേ...
ഉയരെ ഉയരെ പോകും നമ്മൾ
ഭാരതമണ്ണിന്നുയിരാകും.

നാരികൾ നമ്മൾ ആണത്തത്തിൻ
കാലടിച്ചോട്ടിലെ മണ്ണല്ല
ഉണ്ടുവരുന്നോർക്കുണ്ണിയെ നൽകാൻ
പേറ്റുമൃഗങ്ങളുമല്ലല്ലോ...

ആർത്തവമെന്നൊന്നില്ലെന്നാകിൽ
മാനവകുലമൊന്നില്ലല്ലോ
ആർത്തിപെരുത്തൊരു മതജാതികളിൽ
പെണ്ണിനു പെരുമയുമില്ലല്ലോ...

'അയ്യാ'വും ഗുരു, അയ്യങ്കാളി
സോദരനായകരൊന്നിച്ച്
ഇരുളിൽനിന്നു വെളിച്ചംതേടി
ഉഴുതുമറിച്ചൊരു മണ്ണല്ലേ.






# നിരീശ്വരവായന



സിൽവിക്കുട്ടി

വി.ജെ.ജെയിംസിന്റെ നിരീശ്വരൻ എന്ന നോവൽ രണ്ടുവർഷമായി എന്റെ പുസ്തകശേഖരത്തിൽ മറവിയിൽപെട്ട് കിടക്കുകയായിരുന്നു. ഏതോ നിയോഗംകൊണ്ടെന്നപോലെ അടുത്ത കാലത്താണ് ഞാനത് വായിച്ചുതുടങ്ങിയത്. നോവലിലെ നിരീശ്വരപ്രതിഷ്ഠ ശക്തിയാർജിക്കുന്നതുപോലെ ഈ നോവൽ എന്നെ ആവാഹിക്കുകയായിരുന്നു. നോവൽ വായിച്ച് രണ്ടുദിവസം കഴിഞ്ഞപ്പോൾ മറ്റൊരൽഭുതവും സംഭവിച്ചു. നിരീശ്വരകൃപയാൽ ഇതിന് കേരള സാഹിത്യ അക്കാദമി അവാഡും കിട്ടി.

എപ്പോഴും എന്തിനോടെങ്കിലും പടപൊരുതിക്കൊണ്ടിരിക്കാനുള്ള രക്തത്തിളപ്പുള്ളവരും നിരീശ്വരവാദികളുമായ യുവാക്കളാണ് ആന്റണി, ഭാസ്കരൻ, സഹീർ. ദേവത്തെരുവെന്ന മതാത്മകസ്ഥലനാമത്തെ തങ്ങളുടെ പേരുകളുടെ ആദ്യാക്ഷരങ്ങൾ ചേർത്ത് ആഭാസത്തെരുവെന്ന് മാറ്റിയെഴുതി വ്യവസ്ഥകളോടുള്ള യുദ്ധം തുടങ്ങുന്നു. പുതിയൊരു ഈശ്വരനെ സൃഷ്ടിച്ച് ഈശ്വരവിശ്വാസത്തെ പരിഹസിക്കാനും വേരോടെ പിഴുതെറിയാനും അവർ ഒരു നിരീശ്വരപ്രതിഷ്ഠ നടത്തുന്നു.

ആലും മരവും ചേർന്ന് സയാമീസ് ഇരട്ടകളുടെ വൃക്ഷജന്മം സ്വീകരിച്ച ആത്മാവിന്റെ ചുവടാണ് നിരീശ്വരപ്രതിഷ്ഠക്കായി അവർ തെരഞ്ഞെടുത്തത്. സ്കൂൾപഠനകാലത്ത് ക്ലേമോഡലിങ്ങിൽ ഒന്നാമനായ ഭാസ്കരനാണ് നിരീശ്വരന്റെ ശിൽപി. ശിൽപത്തിൽനിന്ന് ശിരസ്സും കൈകാലുകളും വെട്ടിമാറ്റി. ശിരസ്സില്ലാത്തവന് ചിന്തകളില്ല, കൈകളില്ലാത്തവന് പ്രവൃത്തികളില്ല, കാലുകളില്ലാത്തവന് ചലനവുമില്ല. ഇങ്ങനെ നിലവിലുള്ള സകല ഈശ്വരസങ്കൽപങ്ങളേയും നിഷേധിക്കുന്ന പുതിയൊരീശ്വരന് ശുഭംകെട്ട ദിനവും അമംഗളമുഹൂർത്തവും തെരഞ്ഞെടുത്ത് പ്രതിഷ്ഠിച്ചു. എന്നാൽ സൃഷ്ടി സ്രഷ്ടാവിനെ നിസ്സാരനാക്കി വളരുന്നു. നിരീശ്വരൻ ആ ഗ്രാമത്തിലെ ജനവിശ്വാസത്തിന്റെ അടിസ്ഥാനമായി മാറുന്നു. അതിനെ നേരിട്ട് തോൽപിക്കാൻ സ്ഥാപകരായ ആഭാസന്മാർക്കും കഴിയുന്നില്ല. നിരീശ്വരൻ ഒരു ഗ്രാമത്തെയാകെ അത്ഭുതങ്ങൾകൊണ്ട് സ്വാധീനിക്കുന്നു. നിരീശ്വരാനുഗ്രഹത്താൽ ജീവിതം ധന്യമാക്കുന്ന ധാരാളം കഥാപാത്രങ്ങളുണ്ട് ഈ നോവലിൽ.

മതങ്ങളേയും ആചാരങ്ങളേയും ചൊല്ലി കലഹങ്ങൾ നടക്കുന്ന പുതിയ കാലഘട്ടത്തിൽ സൂക്ഷ്മവായനയർഹിക്കുന്ന ഒരു നോവലാണിത്. കൺസ്യൂമർ സംസ്കാരത്തിലെ മുതലാളിത്ത തന്ത്രം മതവിശ്വാസങ്ങളിൽ കടന്നുകൂടുന്നതിന്റെ നേർചിത്രം ഇതിലുണ്ട്. ആവർത്തിക്കുകവഴി നമ്മളുണ്ടാക്കുന്ന വ്യവസ്ഥകളും ആചാരങ്ങളും എങ്ങനെയാണ് ശക്തിയാർജിച്ച് നമ്മെ വിഴുങ്ങുന്നതെന്ന് ഈ നിരീശ്വരകഥ സാക്ഷ്യപ്പെടുത്തുന്നു. ഈശ്വരവിശ്വാസത്തേയും പ്രാർത്ഥനകളേയും ആധുനികമനഃശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യുന്ന വേറിട്ടൊരു വായനയും നോവലിന് സാധ്യമാവുന്നുണ്ട്. വി.ജെ.ജെയിംസിന്റെ മറ്റ് നോവലുകളേപ്പോലെത്തന്നെ വ്യത്യസ്തവും മലയാളനോവലിന്റെ വളർച്ചയെ അടയാളപ്പെടുത്തുന്നതുമായ ഒരു നോവലാണ് നിരീശ്വരൻ. ●




# എന്റെ പ്രിയപ്പെട്ട പുസ്തകം



ഡോ.ആർ.ശ്രീലതാവർമ

ഏതൊരു വായനക്കാരനെ/വായനക്കാരിയെ സംബന്ധിച്ചും പ്രിയപ്പെട്ടവയായി എടുത്തുപറയാൻ അനേകം കൃതികളുണ്ടാകും. എങ്കിലും കൃതിയിലെ ഓരോ സന്ദർഭവും സ്പഷ്ടമായി നിൽക്കുംവിധം, അത്രമേൽ ബോധത്തിന്റെ ഭാഗമായ ഒരു പുസ്തകമുണ്ട് – താരാശങ്കർ ബാനർജിയുടെ 'ആരോഗ്യനികേതനം'. ബംഗാളിനോവലുകളുടെ പരിഭാഷകൾ മലയാളികൾക്ക് സ്വഭാഷാകൃതികളെന്നതുപോലെയോ, ഒരുപക്ഷേ, അതിലേറെയോ പ്രിയങ്കരങ്ങളായിരുന്ന ഒരു കാലമുണ്ടായിരുന്നു. താരാശങ്കറും ബിഭൂതിഭൂഷണും ആശാപൂർണാദേവിയും മറ്റും നമ്മുടെ സ്വന്തം എഴുത്തുകാരായിരുന്നു.

1953ലാണ് ആരോഗ്യനികേതനം പ്രസിദ്ധീകൃതമാകുന്നത്. 1961ൽ നിലീന എബ്രഹാമിന്റെ മലയാളപരിഭാഷ പ്രസിദ്ധീകരിച്ചു. ജീവൻ മശായ് എന്ന കഥാപാത്രത്തെ മുൻനിർത്തി ജീവിതത്തിന്റേയും മരണത്തിന്റേയും ദാർശനികമായ അർത്ഥതലങ്ങളിലേക്ക് വായനക്കാരെ കൂട്ടിക്കൊണ്ടുപോവുകയാണ് താരാശങ്കർ ബാനർജി ആരോഗ്യനികേതനത്തിൽ. ആയുർവേദചികിൽസകനായ ജീവൻ മശായ്ക്ക് രോഗിയുടെ നാഡീസ്പന്ദനത്തിലൂടെ രോഗനിർണയനം നടത്താനും മരണസമയം പ്രവചിക്കാനുമുള്ള അപൂർവസിദ്ധിയുണ്ട്. 'അന്ധയും ബധിരയും പിംഗളകേശിനിയുമായ'മൃതിയുടെ കാലൊച്ച രോഗികളുടെ നാഡിമിടിപ്പുകളിൽ മശായ് തിരിച്ചറിയുന്ന അനേകം സന്ദർഭങ്ങളുണ്ട് നോവലിൽ. ഒടുവിൽ ജീവൻ മശായ് സ്വന്തം നാഡീസ്പന്ദനത്തിൽ നിന്ന് മൃതിയെ തൊട്ടറിയുന്ന നിമിഷം ആരോഗ്യനികേതനത്തിലെ ഏറ്റവും അവിസ്മരണീയസന്ദർഭമാണ്.

രോഗം/ആരോഗ്യം, മരണം/ജീവിതം എന്നീ ദ്വന്ദ്വങ്ങളെ മുഖാമുഖം നിർത്തി അനന്തവൈചിത്ര്യമാർന്ന് മനുഷ്യജീവിതത്തെ ദാർശനികപരിപ്രേക്ഷ്യത്തിൽ താരാശങ്കർ അവതരിപ്പിക്കുന്നു. വൈദ്യശാസ്ത്രം കൊണ്ട് മരണത്തെ വെല്ലുവിളിക്കുകയല്ല, മനസിലാക്കുകയാണ് ജീവൻ മശായ്. ഈ മനസിലാക്കൽ അത്യഗാധമാണ്. ഇതിലേക്ക് മനുഷ്യന്റെ ഭൗതികവും ആത്മീയവും ദാർശനികവുമായ വ്യഥകളേയും സമസ്യകളേയും ഏറ്റവും കലാത്മകമായി നോവലിസ്റ്റ് കൂട്ടിയിണക്കുന്നു. ജീവിതത്തേയും മരണത്തേയും സമഗ്രമായി സമീപിക്കുന്ന കൃതി എന്ന നിലയിൽ എന്റെ പ്രിയപ്പെട്ട പുസ്തകങ്ങളിൽ ഒന്നാം സ്ഥാനം ആരോഗ്യനികേതനത്തിനാണ്. ഓരോ വായനയിലും എനിക്ക് ഓരോ പുതിയ അർത്ഥം സമ്മാനിക്കുന്ന ഈ കൃതി എന്റെ ഗ്രന്ഥശേഖരത്തിലെ അമൂല്യനിധിയാണ്. ●



# തുപ്പേട്ടൻ

## നാടകത്തിന്റെ നാട്ടരചൻ



അഡ്വ.വി.ഡി.പ്രേംപ്രസാദ്

പാഞ്ഞാൾ എന്ന ദേശനാമം വിഷാദാത്മകവും പ്രസാദാത്മകവുമായ ഒരു ദ്വന്ദബോധമാണ് എന്നിലുണർത്തുന്നത്. തൊഴുകയ്യോടെ ചീറിവന്ന ഒരു തീവണ്ടിക്ക് മുന്നിൽ നിവർന്നു നിന്ന് മരണത്തെ ഏറ്റുവാങ്ങിയ ശിവകരന്റെ വിഷാദാത്മകമായ ഓർമ ഉണർത്തുന്ന പാഞ്ഞാൾ ഒരു ഭാഗത്തും കറുത്ത ഫലിതത്തിന്റെ തീക്ഷ്ണതയേറുന്നവയെങ്കിലും ഏറെ പ്രസാദാത്മകമായ ചില നാടകങ്ങൾ രചിച്ച തുപ്പേട്ടന്റെ സാന്നിധ്യമുള്ള പാഞ്ഞാൾ മറുഭാഗത്തും നിലനിന്നുപോന്നു. ഇപ്പോൾ തുപ്പേട്ടനും യവനി

കക്കുള്ളിൽ മറഞ്ഞു.

കഴിഞ്ഞ വർഷമാണ് കേരള സംഗീത നാടക അക്കാദമി ഈ പ്രതിഭയെ ഗുരുപൂജ പുരസ്കാരം നൽകി ആദരിച്ചത്. സുപ്രധാനമായ ആ തീരുമാനമെടുത്ത കമ്മിറ്റിയിൽ അംഗമാകാൻ കഴിഞ്ഞതിൽ എനിക്ക് അഭിമാനമുണ്ട്.

തുപ്പേട്ടന്റെ നാടകങ്ങൾ വായിച്ചുരസിക്കാനുള്ള നാടകകൃതികൾ എന്ന നിലയിലല്ല രചിക്കപ്പെട്ടത്. പാഞ്ഞാൾ വായനശാലയിലും സമീപ പ്രദേശങ്ങളായ കിള്ളിമംഗലം, ആറ്റൂർ, പൈങ്കുളം എന്നീ പ്രദേശങ്ങളിൽ അവതരിപ്പിക്കാൻ പാകത്തിലുള്ള നാടകങ്ങൾ അദ്ദേഹം സൃഷ്ടിക്കുകയായിരുന്നു. ഈ നാടകാവതരണങ്ങളാവട്ടെ, സാമ്പ്രദായികാവതരണങ്ങളിൽനിന്ന് മൗലികമായി വ്യത്യസ്ത പുലർത്തിയിരുന്നു. തന്റെ ആദ്യ നാടകാവതരണത്തിന് നാടകമെന്ന പേര് പോലും പറയാതെ EUBA (Educated Unemployed Bachelor Association) പരിപാടി എന്നാണ് അനൗൺസ് ചെയ്തത്. പക്ഷേ, ആ പ്രഥമനാടകസംരംഭത്തെ പാഞ്ഞാൾനാട് നെഞ്ചേറ്റിവാങ്ങിയത് തുപ്പേട്ടന് മുന്നോട്ടുപോവാനുള്ള ഊർജം നൽകിയിരിക്കണം. തനതുലാവണം, മറുമരുന്ന്, വേട്ടക്കാരപ്പകൽ, സ്വാപഹരണം അഥവാ എല്ലാവരും അർജന്റീനയിലേക്ക്, ഭദ്രായനം, കാലാവസ്ഥ, മോഹനസുന്ദരപാലം, ഡബിൾ ഏക്റ്റ്, വന്നന്ത്യേ കാണാം, ചക്ക, കുന്താപ്പി ഗുലുഗുലു തുടങ്ങിയ കുട്ടികളുടെ നാടകങ്ങൾ ഇങ്ങനെ രചിച്ച നാടകങ്ങൾക്കെല്ലാം നിരവധി അവതരണങ്ങളുണ്ടായി. സാമ്പ്രദായികമായ രചനാരീതികൾ കയ്യൊഴിയാനും മൗലികത പുലർത്തുന്ന സ്വന്തം പാത വെട്ടിയൊരുക്കാനും തുപ്പേട്ടന് കരുത്ത് നൽകിയത് മദിരാശിയിലെ സ്കൂൾ ഓഫ് ആട്സിലെ പഠനകാലമായിരിക്കണം. റോയ് ചൗധരി പ്രിൻസിപ്പാളായിരുന്ന ആ സ്ഥാപനം തുപ്പേട്ടന്റെ കലാവീക്ഷണവും ഭാവുകത്വപരിസരവും നവീകരിക്കുന്നതിൽ ഏറെ പങ്ക് വഹിച്ചിട്ടുണ്ട്. രാഷ്ട്രീയമായ ഉൾകാഴ്ചയും രൂപപരമായ അവബോധവുമാണ് മറ്റ് നാടകകൃത്തുക്കളിൽനിന്ന് തുപ്പേട്ടനെ വ്യത്യസ്തനാക്കുന്നത്.

സ്കൂൾ ഓഫ് ഡ്രാമയിൽനിന്ന് പഠനപൂർത്തീകരിച്ച ശിവകരനായിരുന്നു തുപ്പേട്ടന്റെ നാടകങ്ങൾ സംവിധാനം ചെയ്തതും അഭിനയിച്ചതുമെല്ലാം. നരിപ്പറ്റ രാജു, പട്ടാമ്പി നാരായണൻ, ശ്രീജ, സുരേഷ് കൊളത്തൂർ, സാരഥി തുടങ്ങിയ നാടകപ്രതിഭകൾ തുപ്പേട്ടന്റെ നാടകങ്ങളുടെ രചനാപരമായ നവീനതയെ ആധുനികമായ രംഗഭാഷ നൽകി മികവുറ്റതാക്കിമാറ്റി. സ്കൂൾ മൽസരവേദികളിലും സംഗീത നാടക അക്കാദമി അമേച്വർ നാടകമൽസരങ്ങളിലും ഗ്രാമീണാരങ്ങുകളിലുമെല്ലാം വിജയകരമായിത്തന്നെ അവതരിപ്പിക്കപ്പെട്ടു. മികവുറ്റ റേഡിയോ നാടകങ്ങളായും ശ്രോതാക്കളിൽ എത്തിച്ചേർന്നു.

എൺപതുകളുടെ അവസാനത്തിൽ പാഞ്ഞാളിൽവെച്ചുനടന്ന ഒരു നാടകക്യാംപിൽവെച്ചാണ് ഞാൻ തുപ്പേട്ടനെ അടുത്തറിയുന്നത്. ചക്ക എന്ന നാടകത്തിന്റെ കൈയെഴുത്തുപ്രതിയുമായാണ് അദ്ദേഹം അന്നാ ക്യാംപിൽ വന്നത്. ക്യാംപ് ട്രെയ്നിങ്ങിനുവേണ്ടി ആ നാടകമാണ് എടുത്തത്. ആഗോളീകരണത്തിന്റെ പ്രാരംഭകാലത്ത് എങ്ങനെയാണ് മൾട്ടിനാഷനലുകൾ പ്രാദേശികവിപണികളെ ഇല്ലാതാക്കുന്നതെന്ന് തികച്ചും കേരളീയപശ്ചാത്തലത്തിൽ 'ചക്ക'യിലൂടെ സൗന്ദര്യാതാമകമായിത്തന്നെ ആവിഷ്കരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. പിന്നീട് ഈ നാടകം കേരളത്തിൽ അങ്ങോളമിങ്ങോളം നൂറുകണക്കിന് വേദികളിൽ അവതരിപ്പിക്കപ്പെടുകയുണ്ടായി.

2000 ജനുവരിയിൽ തുപ്പേട്ടന്റെ നാടകങ്ങളുടെ റെട്രോസ്പെക്റ്റീവ് എന്ന നിലയിൽ 'നാടകവേല' എന്ന പേരിൽ വിവിധ നാടകങ്ങളുടെ അവതരണമുണ്ടായിരുന്നു. ശ്രദ്ധേയരായ സംവിധായകരായിരുന്നു അവയെല്ലാം സംവിധാനം ചെയ്തത്. അദ്ദേഹത്തിന്റെ നാടകങ്ങൾ പുസ്തകരൂപത്തിൽ സമാഹരിക്കപ്പെട്ടതോടെ കേരളത്തിലെമ്പാടും ഇവയുടെ അവതരണങ്ങൾ നടക്കുന്നുണ്ട്.

തുപ്പേട്ടൻ അടിസ്ഥാനപരമായി ഒരു ചിത്രകാരനായിരുന്നു. പ്രത്യേകിച്ച് ഭാവതീവ്രമായ മനുഷ്യമുഖങ്ങളുടെ ചിത്രങ്ങൾ അദ്ദേഹത്തിന് ഏറെ പ്രിയപ്പെട്ടവയായിരുന്നു. തന്റെ നാടകകഥാപാത്രങ്ങളുടെ സുവ്യക്തമായ കാരിക്കേച്ചർ ആവിഷ്കാരം ഈ ചിത്രകലാവബോധത്തിൽനിന്നായിരിക്കണം രൂപംകൊണ്ടത്. മരണംവരെ ആ മനുഷ്യനിൽ നാടകം നിറഞ്ഞുനിന്നിരുന്നു.

ആറ്റൂർ രവിവർമ നിരീക്ഷിക്കുന്നതുപോലെ, 'പാഞ്ഞാളിലെ തന്റെ പൂമുഖത്തിരുന്ന് പരിസരം അറിഞ്ഞിരുന്നു. നാടകത്തിന്റെ ഊറ്റം ഇതിലാണ്... ഈ നാടകങ്ങളെല്ലാം നാടൻവിളവാണ്. രാസവളമില്ല. അധികമില്ല... കമ്പോളത്തിൽ ലഭ്യവുമല്ല.' ●



ലാവണ്യ അനന്ത് ചെന്നൈ അവതരിപ്പിച്ച ചിന്താവിഷ്ടയായ സീത ഭരതനാട്യക്കച്ചേരി

പാട്ടോർമ : അനശ്വരനാടകഗാനങ്ങളുടെ ആവിഷ്കാരം





ഭാഷ നവോത്ഥാനം ആധുനികത പ്രഭാഷണം : സുനിൽ പി.ഇളയിടം

സീഡ് ബുക്സ് പ്രസിദ്ധീകരിച്ച ഇരുപത്തിരണ്ട് പുസ്തകങ്ങളുടെ പ്രകാശനം



# ആചാരങ്ങളും സാമൂഹ്യനീതിയും

ജനയുഗം ദിനപത്രം 7/2/2019



**വർത്തമാനം**

**കുരീപ്പുഴ ശ്രീകുമാർ**

**കേ**രള സാഹിത്യ അക്കാദമി മഹനീയമായ രീതിയിൽ സംഘടിപ്പിച്ചുവരുന്ന വൈജ്ഞാനിക മേളയാണ് ദേശീയ പുസ്തകോത്സവം. അപൂർവ സുന്ദരങ്ങളായ പല പുസ്തകങ്ങളും വൻകിട പ്രസാധകരുടെ വിൽപ്പനച്ചരക്കുകളല്ല. കവിതയിലെ ഏറ്റവും പുതിയ മുഖങ്ങളെ കണ്ടെത്തി അമ്പരപ്പ് അനുഭവിക്കണമെങ്കിൽ ചെറു പ്രസാധകരുടെ പുസ്തകശാലയിലേക്ക് സഞ്ചരിക്കണം. സജി കല്യാണി, ടി ജി അജിത, സി ഇ സുനിൽ, രമ്യാലക്ഷ്മി, കെ ആർ രഘു തുടങ്ങി അടുത്ത കാലത്ത് കവിതയുടെ മാന്ത്രികാനുഭവങ്ങൾ കാഴ്ചവച്ച കവികളുടെ പുസ്തകങ്ങൾ കാണണമെങ്കിൽ ചെറുപ്രസാധകരിൽ എത്തിയേ കഴിയൂ. അങ്ങനെയുള്ള പുസ്തകശാലകളാൽ നിറവുറ്റതാണ് അക്കാഡമിയും പരിസരവും.

വിവിധ വിഷയങ്ങളെക്കുറിച്ചുള്ള സെമിനാർ ഈ പുസ്തകോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിച്ചിരുന്നു. അതിൽ ശ്രദ്ധേയമായ ഒരു സെമിനാറിന്റെ വിഷയം ആചാരങ്ങളും സാമൂഹ്യ നീതിയും എന്നതായിരുന്നു.

സ്വാഭാവികമായും ഈ വിഷയം അനാചാരങ്ങളെ സ്പർശിക്കുന്നതായി. ശബരിമലയെ മുൻനിർത്തി അനാചാരങ്ങൾക്കെതിരെയുള്ള കേരളത്തിന്റെ പോരാട്ടങ്ങളെ അനുസ്മരിച്ച തമിഴ് നോവലിസ്റ്റ് സു വെങ്കിടേശൻ കേരളം തോറ്റാൽ ഇന്ത്യ തോൽക്കുമെന്ന് പറഞ്ഞത് സദസ്യർ ആവേശത്തോടെയാണ് സ്വീകരിച്ചത്. വൈദ്യശാസ്ത്ര രംഗത്ത് നിലനിൽക്കുന്ന അനാചാരങ്ങളെക്കുറിച്ചുള്ള ഡോ.നിഷ എം ദാസിന്റെ പ്രഭാഷണം സദസ്യർ ഞെട്ടലോടെ ശ്രവിച്ചു. വാൽമീകിയേയും എഴുത്തച്ഛനേയും വ്യാസനേയും കുമാരനാശാനേയും ഉദ്ധരിച്ചുകൊണ്ടുള്ള ഡോ. രാജാ ഹരിപ്രസാദിന്റെ പ്രഭാഷണവും ശ്രദ്ധേയമായി.



പുതിയ അനാചാരങ്ങൾക്കും കേരളം വേദിയാകുന്നുണ്ട്. പരീക്ഷാർഥിയുടെ പേന പൂജിക്കുക എന്നതാണ് അതിലൊന്ന്. അനിയന്ത്രിതമായ മതപ്രചരണമാണ് അന്ധവിശ്വാസങ്ങൾക്ക് വെള്ളവും വളവും നൽകുന്ന ഒരു ഘടകം.
ആധുനിക സമൂഹത്തിൽ വാസ്തുശാസ്ത്രം, ജാതകം തുടങ്ങിയ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും കുടിയേറിയിട്ടുണ്ട്. വീടു വയ്ക്കുമ്പോൾ നമ്മൾ ശ്രദ്ധിക്കേണ്ടത് കാറ്റിന്റെയും വെളിച്ചത്തിന്റെയും വെള്ളത്തിന്റെയും ലഭ്യതയാണ്. വാസ്തു ശാസ്ത്രമല്ല.
കേരളത്തിൽ കൃഷി ചെയ്തവരും കലവും കുടവും ഉണ്ടാക്കിയവരും തുണി നെയ്തവരും വീടുണ്ടാക്കിയവരും മരത്തിൽ കയറിയവരും അരിയിൽ ഹരിശ്രീ എഴുതിയല്ല ഈ വിദ്യയൊന്നും നേടിയത് . അടിസ്ഥാന വർഗത്തിന് ഹരിശ്രീയിൽ തുടങ്ങുന്ന വിദ്യാഭ്യാസം നിഷിദ്ധവുമായിരുന്നു.
സവർണ്ണ സംസ്കാരത്തിന്റെ മുദ്രയായ ഹരിശ്രീയിലുള്ള ആരംഭവും അനാചാരമാണ്.
ഇങ്ങനെയുള്ള നിരവധി ചിന്തകൾക്കാണ് സാഹിത്യ അക്കാദമിയുടെ ഈ സെമിനാറിൽ സെക്രട്ടറി കെ പി മോഹനൻ വഴിമരുന്നിട്ടത്.
രണ്ടു മണിക്കൂറിലധികം നേരം ശ്രദ്ധയോടെയിരുന്ന സദസ്സും ആകർഷകമായിരുന്നു

ആചാരങ്ങളെല്ലാം തന്നെ അനാചാരങ്ങളാണ്. അധ്യാപകനെ വിദ്യാർഥി വന്ദിക്കുന്നത് ആചാരമല്ല ബഹുമാനം പ്രകടിപ്പിക്കലാണ്. ആളുകൾ പരസ്പരം പിരിയുമ്പോൾ റ്റാറ്റാ പറയുന്നതും കാണുമ്പോൾ ആശ്ലേഷിക്കുന്നതും ആചാരമല്ല.

എന്നാൽ നിരവധി അനാചാരങ്ങളുടെ ശബ്ദതാരാവലിയാണ് കേരളം. എല്ലാംതന്നെ ഒഴിവാക്കപ്പെടേണ്ടവ. പലതും കേരളം ഒഴിവാക്കിക്കഴിഞ്ഞു. ഇനിയും ഒഴിവാക്കേണ്ടതിന്റെ ഒരു വലിയ പട്ടിക തന്നെ നിലവിലുണ്ട്.

മരണാനന്തര ചടങ്ങുകളിലാണ് അനാചാരങ്ങളുടെ മാലിന്യകൂമ്പാരങ്ങൾ കാണുന്നത്. മൃതശരീരം കുളിപ്പിക്കുക എന്നത് ഒരാവശ്യവുമില്ലാത്ത അനാചാരമാണ്. ജീവിച്ചിരുന്ന കാലത്ത് മറ്റാരെയും കാണിക്കാൻ ഇഷ്ടപ്പെടാതിരുന്ന സ്വകാര്യഭാഗങ്ങൾ ബലമായി കാണുന്ന കൊടും ക്രൂരതയാണ് ഈ ചടങ്ങ്.

ശവത്തെ കോടി പുതപ്പിക്കുക, ഉടുമുണ്ടിന്റെ കോന്തലയ്ക്കൽ നാണയം കെട്ടിവെയ്ക്കുക, വായ്ക്കരിയിടുക തുടങ്ങിയവയും അർഥമില്ലാത്ത അനാചാരങ്ങളാണ്. നാരായണഗുരു മുതൽ വൈലോപ്പിള്ളി വരെയുള്ളവർ മരണാനന്തര ചടങ്ങുകളിലെ അനാചാരങ്ങളെ തുറന്നു കാട്ടിയിട്ടുണ്ട്.

തിരിച്ചറിവില്ലാത്ത കുഞ്ഞുങ്ങളെ വിദ്യാരംഭം എന്ന പേരിൽ പീഡിപ്പിക്കുന്നത് മറ്റൊരു അനാചാരമാണ്. വിദ്യാരംഭത്തിന്റെ പിറ്റേന്നുള്ള പത്രങ്ങളിൽ അപരിചിതരായ സാംസ്കാരിക നായകരുടെ മടിയിലിരുന്ന് അലറിക്കരയുന്ന ചിത്രങ്ങൾ പത്രങ്ങളിൽ വരുമായിരുന്നു. പത്രമാഫീസിന്റെ മുറ്റങ്ങളിലും ഈ അനാചാരം ആരംഭിച്ചതോടെയാണ് അത്തരം ചിത്രങ്ങൾ മാറ്റിയത്. ശിശുപീഡനത്തിന് കേസെടുക്കാനുള്ള ഒരു കുറ്റകൃത്യമാണ് വിദ്യാരംഭ ദിവസം സമൂഹം നടത്തുന്നത്. പോളിയോ തുള്ളിമരുന്ന് കൊടുക്കുന്നതു പോലെയുള്ള ഒരു കാര്യമല്ല ഇത്.

പുതിയ അനാചാരങ്ങൾക്കും കേരളം വേദിയാകുന്നുണ്ട്. പരീക്ഷാർഥിയുടെ പേന പൂജിക്കുക എന്നതാണ് അതിലൊന്ന്. അനിയന്ത്രിതമായ മതപ്രചരണമാണ് അന്ധവിശ്വാസങ്ങൾക്ക് വെള്ളവും വളവും നൽകുന്ന ഒരു ഘടകം.

ആധുനിക സമൂഹത്തിൽ വാസ്തുശാസ്ത്രം, ജാതകം തുടങ്ങിയ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും കുടിയേറിയിട്ടുണ്ട്. വീടു വയ്ക്കുമ്പോൾ നമ്മൾ ശ്രദ്ധിക്കേണ്ടത് കാറ്റിന്റെയും വെളിച്ചത്തിന്റേയും വെള്ളത്തിന്റെയും ലഭ്യതയാണ്. വാസ്തു ശാസ്ത്രമല്ല.

കേരളത്തിൽ കൃഷി ചെയ്തവരും കലവും കുടവും ഉണ്ടാക്കിയവരും തുണി നെയ്തവരും വീടുണ്ടാക്കിയവരും മരത്തിൽ കയറിയവരും അരിയിൽ ഹരിശ്രീ എഴുതിയല്ല ഈ വിദ്യയൊന്നും നേടിയത് . അടിസ്ഥാന വർഗത്തിന് ഹരിശ്രീയിൽ തുടങ്ങുന്ന വിദ്യാഭ്യാസം നിഷിദ്ധവുമായിരുന്നു.

സവർണ്ണ സംസ്കാരത്തിന്റെ മുദ്രയായ ഹരിശ്രീയിലുള്ള ആരംഭവും അനാചാരമാണ്.

ഇങ്ങനെയുള്ള നിരവധി ചിന്തകൾക്കാണ് സാഹിത്യ അക്കാഡമിയുടെ ഈ സെമിനാറിൽ സെക്രട്ടറി കെ പി മോഹനൻ വഴിമരുന്നിട്ടത്. രണ്ടു മണിക്കൂറിലധികം നേരം ശ്രദ്ധയോടെയിരുന്ന സദസ്സും ആകർഷകമായിരുന്നു.

Edited, Printed and Published by Dr.K.P.Mohanan (Secretary) for Kerala Sahitya Akademi, Thrissur - 20
For internal circulation only | Phone & Fax : 0487 2331069 | email : keralasahityaakademi@gmail.com
Printed at ColorMode, Thrissur | Photo : Monalisa | Design : Roy Akkara